www.malankaralibrary.com

മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ്
പത്തനംതിട്ട ഭദ്രാസനം



# അമോറ

യൗവനം ക്രിസ്തുസ്നേഹത്തിൽ

www.malankaralibrary.com

# എം.സി.വൈ.എം.
# പത്തനംതിട്ട ഭദ്രാസന സമിതി 2024-2025

മുഖ്യ രക്ഷാധികാരി



അഭി. സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത

സഹ രക്ഷാധികാരി



മോൺ. വർഗ്ഗീസ് മാത്യു കാലായിൽവടക്കേതിൽ

ഡയറക്ടർ



ഫാ. ജോബ് പതാലിൽ

അസ്സി. ഡയറക്ടർ



ഫാ. സ്കോട്ട് സ്ലീബാ പുളിമൂടൻ

ആനിമേറ്റർ



സിസ്റ്റർ ജോവാൻ എസ്.ഐ.സി.



ബിബിൻ ഏബ്രഹാം
(പ്രസിഡന്റ്)



സുബിൻ തോമസ്
(ജനറൽ സെക്രട്ടറി)



വിശാഖ് വി. എൽ.
(ട്രഷറാർ)



ജിഷ ജോസ്
(വൈസ് പ്രസിഡന്റ്)



ലിന്റോ തോമസ്
(വൈസ് പ്രസിഡന്റ്)



ടെനി സജി
(സെക്രട്ടറി



ആൽബിൻ ബെന്നി
(സെക്രട്ടറി



സ്നേഹ യോഹന്നാൻ
(സെക്രട്ടറി)



ലിജോ ഫിലിപ്പ്
(സഭാതല സിൻഡിക്കേറ്റ്)



അക്സ രാജൻ
(സഭാതല സിൻഡിക്കേറ്റ്)



ലിനു വി ഡേവിഡ്
(കെ.സി.വൈ.എം. സിൻഡിക്കേറ്റ്)



നിബിൻ പി. സാമുവേൽ
(കെ.സി.വൈ.എം. സെനറ്റ്)



സോനാ മറിയം ജോർജ്ജ്
(കെ.സി.വൈ.എം. സെനറ്റ്)



അജോഷ് എം. തോമസ്
(എക്സ് ഒഫിഷ്യോ)

www.malankaralibrary.com

# മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ്

## പത്തനംതിട്ട ഭദ്രാസനം



# അമോര

യൗവനം ക്രിസ്തുസ്നേഹത്തിൽ

**2024**

Printed and Published by,

**Malankara Catholic Youth Movement - Diocese of Pathanamthitta**

**2024-25 Office - Bearers**


**Upasana Pastoral Centre, Omallor P.O., Pathanamthitta, Kerala, 689 647**

(എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ 2024 മെയ് 4 ന് ചന്ദനപ്പള്ളി തീർത്ഥാടന ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ട **IGESIA 2k24** ഭദ്രാസന ലീഡേഴ്സ് മീറ്റിനോട് ചേർന്ന് പുറത്തിറക്കിയ ബുക്ക്ലെറ്റ് )

www.malankaralibrary.com

# THE SYRO-MALANKARA CATHOLIC CHURCH
## DIOCESE OF PATHANAMTHITTA

**MOST REV. DR. SAMUEL MAR IRENIOS**
BISHOP OF PATHANAMTHITTA



**ആശംസ**

കർത്താവ് മേഘത്തിൽ ഇറങ്ങി വന്ന് അവനോട് സംസാരിച്ചു. അവിടുന്ന് മോശയുടെ മേലുണ്ടായിരുന്ന ചൈതന്യത്തിൽ ഒരു ഭാഗം എഴുപതു നേതാക്കന്മാരുടെ മേൽ പകർന്നു. അപ്പോൾ അവർ പ്രവചിച്ചു. (സംഖ്യ 11, 25)

ഇസ്രായേൽ ജനതയെ വാഗ്ദത്ത നാട്ടിലേക്ക് നയിക്കുക എന്നതായിരുന്നു മോശയുടെ ദൗത്യം. എന്നാൽ കാലാന്തരത്തിൽ ഈ ജോലി നിർവ്വഹിക്കാൻ അയാൾക്ക് ഒറ്റയ്ക്ക് സാധിക്കാതെ വന്നു. അപ്പോൾ ദൈവം എഴുപത് നേതാക്കന്മാരെ തെരഞ്ഞെടുക്കാൻ മോശയോട് ആവശ്യപ്പെട്ടു. അങ്ങനെ തെരഞ്ഞെടുക്കപ്പെട്ടവർക്ക് നേതൃത്വ ശുശ്രൂഷ നിർവ്വഹിക്കാനാവശ്യമായ ചൈതന്യം കർത്താവ് നല്കി. നേതൃത്വത്തിലേക്കും സഭാശുശ്രൂഷയുടെ വിവിധ വേദികളിലേക്കും കടന്നുവരുന്നവർ ഇതുപോലെ ദൈവിക ചൈതന്യം നിറഞ്ഞവരാണ്. ദൈവം നടത്തുന്ന തെരഞ്ഞെടുപ്പിന്റെ പരിണിത ഫലമാണ് ഒരു വ്യക്തിക്ക് ലഭിക്കുന്ന ശുശ്രൂഷാ നിയോഗം. നല്ല നേതക്കന്മാരുടെ അഭാവം കുറച്ചൊന്നുമല്ല ഇന്നത്തെ സമൂഹത്തെ ബാധിച്ചിരിക്കുന്നത്. നമ്മുടെ സംഘടനാപ്രവർത്തനങ്ങളിലൂടെ യുവതീയുവാക്കന്മാർ നേതൃത്വത്തിലേക്ക് കടന്നുവരണം. എം.സി.വൈ.എം പത്തനംതിട്ട രൂപതാസമിതി ഇപ്രകാരം യുവനേതാക്കൾക്കായി ഒരു നേതൃത്വശില്പശാല ക്രമീകരിക്കുന്നത് എന്തുകൊണ്ടും ശ്ലാഘനീയമാണ്.

ഇടവക തലത്തിൽ മാത്രമല്ല നമ്മൾ ജീവിക്കുന്ന സമൂഹത്തിലും പൊതു ഇടങ്ങളിലും ക്രിയാത്മകമായി ഇടപെടാൻ കഴിയുന്ന നേതാക്കന്മാർ സഭയിൽ നിന്ന് ഉയർന്നു വരാൻ ഇത്തരം കൂടിവരവുകൾ സഹായകമാകും. ആധുനിക തലമുറ പഴമയുടെ സംസ്കാരം സംരക്ഷിച്ചു പിടിക്കുന്നവർ മാത്രമാകാതെ പുതിയ കാലത്തിന്റെ ചിന്താ രീതികളെയും നല്ല സമീപനങ്ങളെയും വിവേചിച്ച് അത് അവലംബിക്കാൻ പ്രാപ്തിയുള്ളവരായി വളരണം. സനാതന മൂല്യങ്ങളെ ഉയർത്തിപ്പിടിക്കുവാനും അതോടൊപ്പം പുതിയ കാലത്തിന്റെ മാറി വരുന്ന മൂല്യക്രമങ്ങളെ സ്വാംശീകരിക്കാനും നമ്മുടെ യുവനേതാക്കൾക്ക് കഴിയട്ടെ. എം.സി.വൈ.എം. പത്തനംതിട്ട രൂപതാസമിതി നേതൃത്വം നല്കി പന്തളം വൈദികജില്ലയുടെ ആഭിമുഖ്യത്തിൽ ചന്ദനപ്പള്ളിയിൽ നടത്തപ്പെടുന്ന ഇഗേസിയ 2k24 ന് എല്ലാ ആശംസകളും പ്രാർത്ഥനാപൂർവ്വം നേരുന്നു. ഇതിനു പിന്നിൽ അധ്വാനിക്കുന്ന എല്ലാ പ്രിയപ്പെട്ടവരെയും സർവ്വശക്തനായ ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

+ Mar Irenios

**ഡോ. സാമുവേൽ മാർ ഐറേനിയോസ്**
**പത്തനംതിട്ട രൂപതാധ്യക്ഷൻ**

MOST. REV. DR. SAMUEL MAR IRENIOS
DIOCESE OF PATHANAMTHITTA

www.malankaralibrary.com



# ആശംസ

**അ**തിരുകളില്ലാത്ത ആകാശത്തേക്ക് പറക്കാൻ വെമ്പുന്ന സമയമാണ് യൗവ്വനം. ദിശാബോധമുള്ളവരായ യുവജനങ്ങൾക്ക് മാത്രമേ ആകാശം സ്വന്തമാക്കാനാവൂ. മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ് പത്തനംതിട്ട രൂപത യുടെ ആഭിമുഖ്യത്തിൽ ചന്ദനപ്പള്ളി ദേവാലയത്തിൽ നടക്കുന്ന യുവജന നേതൃസംഗമം **ഇഗേസിയ 2K24** പ്രസക്തമാകുന്നത് യുവ നേതാക്കന്മാരിൽ ദിശാബോധത്തിന്റെ വെളിച്ചം നിറയ്ക്കാനുള്ള ഉദ്യമം എന്ന നിലയിലാണ്. വഴി അറിയുന്നവന് മാത്രമേ നയിക്കാനാകൂ. ഞാനാണ് വഴിയും സത്യവും ജീവനുമെന്ന ഗുരുമൊഴി ധ്യാനിക്കാം. സത്യാനന്തര കാലഘട്ടത്തിൽ അർധ സത്യങ്ങളും വ്യക്തി താത്പര്യങ്ങളനുസരിച്ചുള്ള ആശയങ്ങളും അരങ്ങു വാഴുമ്പോൾ ഏത് വഴിക്ക് യാത്ര തുടരണമെന്ന ആശങ്ക വർദ്ധിക്കുന്നുണ്ട്. വർഗീയതയും വെറുപ്പിന്റെ രാഷ്ട്രീയവും നമ്മുടെ ചക്രവാളങ്ങളെ വിഷലി പ്തമാക്കിയിരിക്കുകയാണ്. വിരുദ്ധ ആശയങ്ങളുടെ വേലിയേറ്റത്തിൽ പതറി പ്പോകാതെ ഉറച്ചു നില്ക്കാനും നടക്കേണ്ട വഴി കാട്ടിത്തരാനും കെല്പുള്ള യുവനേതാക്കന്മാരാൽ സഭയും പൊതുസമൂഹവും അനുഗ്രഹിക്കപ്പെട്ടെങ്കിൽ മാത്രമേ ഈ ഇരുട്ടിൽ നിന്ന് നമുക്ക് പുറത്തു കടക്കാൻ കഴിയുകയുള്ളൂ.

നമ്മുടെ യുവജന സഭ ചന്ദനപ്പള്ളിയുടെ മണ്ണിൽ സമ്മേളിക്കുമ്പോൾ ഗുണ പരമായ മാറ്റങ്ങൾ സംഭവിക്കട്ടെയെന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. ഈ കൂടിവരവിന് ആതിഥ്യമരുളുന്ന പന്തളം വൈദിക ജില്ലയെയും ചന്ദന പ്പള്ളി യൂണിറ്റിനെയും നേതൃത്വം നല്കുന്ന പത്തനംതിട്ട രൂപതാ സമിതി യെയും ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. സർവ്വശക്തനായ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

കർത്താവിൽ സ്നേഹപൂർവ്വം,

**മോൺ. വർഗീസ് മാത്യു കാലായിൽവടക്കേതിൽ**
വികാരി ജനറാൾ, പത്തനംതിട്ട ഭദ്രാസനം

www.malankaralibrary.com



# മുഖക്കുറി



**സ്നേഹത്തിന്റെ ക്രിസ്തു സുവിശേഷം**

ക്രിസ്തു തന്റെ പരസ്യജീവിതം ആരംഭിക്കുന്നത് തന്റെ യുവത്വത്തിലാണ്. അവൻ തന്റെ ശിഷ്യന്മാരെ തിരഞ്ഞെടുക്കുന്നതും, കാൽവരി വരെ അവൻ ഏറ്റ പീഡകളും, അവൻ ചെയ്ത അത്ഭുതങ്ങളും എല്ലാം അവന്റെ യുവത്വത്തിലാണ്. ഇത് നമുക്ക് കാട്ടിത്തരുന്നത് ഈശോയ്ക്ക് വേണ്ടിയും ഈ സഭയ്ക്ക് വേണ്ടിയും സമൂഹത്തിനു വേണ്ടിയും പ്രവർത്തിക്കുവാൻ ഏറ്റവും ഉചിതമായ കാലഘട്ടം യുവത്വമാണ്. വാഴ്ത്തുപാട്ടുകൾ മാത്രല്ല കുരിശിലേറ്റലിന്റെയും തള്ളിപ്പറയലിന്റെയും ഒക്കെ കാലം കൂടിയാണ് യുവത്വം എന്നും അവയൊക്കെ തരണം ചെയ്യുമ്പോഴാണ് ഉയിർപ്പ് പോലെ ജീവിത വിജയത്തിലേക്ക് നാം എത്തു എന്നും ക്രിസ്തു നമ്മെ പഠിപ്പിക്കുന്നു. ആ സ്നേഹത്തിന്റെ സുവിശേഷം മറ്റുള്ളവരിലേക്ക് പകർന്നുനൽകുവാനും നമുക്ക് ഈ കാലഘട്ടത്തിൽ സാധിക്കണം.

നമ്മെ സംബന്ധിച്ച് ഈ കാലഘട്ടവും അതീവ വെല്ലുവിളികൾ നിറഞ്ഞതാണ്. ക്രൈസ്തവരായ നാം ഒരോരുത്തരും വളരെ വലിയ ആക്രമണങ്ങൾ നേരിടുന്നു. സുവിശേഷം പ്രഘോഷിക്കപ്പെടുമ്പോൾ പോലും വലിയ വേദനകൾ നാം നേരിടുന്നു. മതേത്വരത്വത്തിന് പേര് കേട്ട നമ്മുടെ ഭാരതത്തിൽ പോലും നാം വെല്ലുവിളികൾ നേരിടുന്നു. ഈ വെല്ലുവിളികളെയും അതീജീവിച്ച് ശബ്ദമില്ലാത്തവന്റെ ശബ്ദമാകുവാനും ആരോരുമില്ലാത്തവന്റെ എല്ലാമെല്ലാമാകുവാനും ക്രിസ്തു സുവിശേഷം പ്രഘോഷിക്കുവാനും എം.സി.വൈ.എം. നമ്മെ ഓർമ്മിപ്പിക്കുന്നു.

"Amora" സ്നേഹം എന്നാണ് ഈ വാക്കിന്റെ അർത്ഥം. സ്നേഹിക്കുവാൻ മറന്നുപോകുന്ന ഈ കാലഘട്ടത്തിൽ നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ എന്നുപറഞ്ഞ നല്ല ഇടയന്റെ കാലടികളെ നമുക്കും പിന്തുടരാം. ഒറ്റപ്പെട്ടവരെയും വഴിതെറ്റിയവരെയും നമുക്ക് ചേർത്ത് നിർത്താം.

ഈ പ്രസ്ഥാനം പകർന്നുനൽകുന്ന ആവേശവും ആശയവും ആ രക്ഷകന്റെ മഹത്വത്തിന് ഉതകുന്നതാക്കുവാൻ കഴിയണം നമുക്ക് ഓരോരുത്തർക്കും. യുവജനങ്ങളായ നമുക്ക് പ്രത്യാശയുടെ തീർത്ഥാടരാകാം.

ഒത്തിരി സ്നേഹത്തോടെ,

**സുബിൻ തോമസ്**
ചീഫ് എഡിറ്റർ
ഭദ്രാസന ജനറൽ സെക്രട്ടറി

www.malankaralibrary.com



**ആൾത്തർ ക്രിസ്തൂസ്**

പ്രിയ യുവജന സുഹൃത്തുക്കളെ,
'താത്വികമായ ഒരു അവലോകനമാണ് ആവശ്യം.'
കണ്ടെത്തുക; എന്ത്?
എന്നെ.
എവിടെ?
ക്രിസ്തുവിൽ!
ആകെ കിളിപോയി എന്ന് തോന്നുന്നു അല്ലെ.

സ്നേഹിതരെ സാധാരണയായി യേശുവിനെ കണ്ടെത്തുക എന്നത് നമുക്ക് എളുപ്പമുള്ള ടാസ്കാണ്. സുവിശേഷത്തിൽ അനേകരെ നമുക്ക് കാണാൻ സാധിക്കും. യേശുവിന്റെ വാക്ക് കേട്ടവർ അത്ഭുതപ്രവൃത്തി കണ്ടവർ. മത്തായി 19:16-30 ൽ നാം കാണുന്ന ധനികനായ യുവാവ് ക്രിസ്തുവിനെ കണ്ടെത്തിയവനാണ്. എന്നാൽ അവന് ജീവിതത്തിൽ ഒരു പരിവർത്തനവും സംഭവിച്ചില്ല. പൂർണനാകാനുള്ള ആഗ്രഹമുണ്ട്, നിത്യജീവനെക്കുറിച്ചുള്ള താത്പര്യവുമുണ്ട്. എന്നാൽ ക്രിസ്തുവിനേക്കാൾ അവൻ പ്രാധാന്യം നൽകിയത് ധനത്തിനായിരുന്നു. അത് ഉപേക്ഷിക്കുവാനോ ക്രിസ്തുവിനെ സമ്പാദിക്കുവാനോ അവന് കഴിഞ്ഞില്ല. സ്നേഹിതരെ നമുക്കും സഭവിക്കുന്ന അപകടമാണ് ഇത്. ക്രിസ്തുവിനെ കണ്ടുമുട്ടും എന്നാൽ അവനിൽ എന്നെ കണ്ടെത്താൻ കഴിയാതെ പോകുന്നു.

ക്രിസ്തുവിൽ തങ്ങളെതന്നെ കണ്ടെത്തിയ ജീവിതത്തിനുടമയാണ് സക്കേവൂസ്. അവനിൽ ഉണ്ടാകുന്ന മാറ്റം അത് വലുതാണ്. ഇതുവരെയും ഏതുവിധേനയും സമ്പാദിക്കണമെന്ന് കരുതിയവൻ ഉള്ളതെല്ലാം നാലിരട്ടിയായി തിരിച്ച് കൊടുക്കുന്നു.

പ്രിയമുള്ളവരെ നമുക്ക് ഈ കാലഘട്ടത്തിൽ ഇത് ജീവിക്കാൻ സാധിക്കണം. അപ്പോൾ മാത്രമെ നമ്മുടെ ജീവിതം പൂർണ്ണമാകു. ഞാൻ ആരാണ് എന്ന സ്വത്വബോധം നമുക്ക് നഷ്ടമായത് എവിടെയാണ്? പാപത്തിലൂടെ നമ്മിൽ നിറഞ്ഞ അന്ധതയാണ് അതിന് കാരണം. പാപസാഹചര്യത്തിൽ ജീവിക്കുന്ന നമുക്ക് സ്വന്തം സ്വത്വം മനസ്സിലാക്കണമെങ്കിൽ പാപക്കറ ഏശാത്ത ക്രിസ്തുവിലേക്ക് നോക്കണം. ക്രിസ്തുവിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവരാണ് നമ്മൾ. ഇപ്രകാരം ക്രിസ്തുവിൽ എന്നെ കണ്ടെത്തുക. ഞാൻ മറ്റൊരു ക്രിസ്തുവായി മാറുക. ഇത് അൽപംകൂടി ആഴത്തിൽ ചിന്തിക്കുമ്പോൾ മനസ്സിലാകും മറ്റൊരു ക്രിസ്തു ക്രിസ്തു തന്നെയാണ്. സത്യത്തിൽ ദൈവം ക്രിസ്തുവിൽ നമ്മെ അവിടുത്തെ പുത്രരായി തെരഞ്ഞെടുത്തു (എഫേ 1:3 - 4). ഈ സ്വത്വബോധം സ്വന്തമാക്കാൻ നമുക്ക് ക്രിസ്തുവിലേക്ക് മടങ്ങാം.

അസ്സീസിയിലെ വി. ഫ്രാൻസിസ് രണ്ടാം ക്രിസ്തു എന്നാണ് വിളിക്കപ്പെട്ടത്. കാരണം എന്താണ് അവന്റെ ജീവിതം ക്രിസ്തുവായിരുന്നു.

യുവജനങ്ങളെ, വെല്ലുവിളികൾ എറെയുണ്ട് ഈ കാലഘട്ടത്തിൽ. അതിജീവിക്കണമെങ്കിൽ പ്രത്യാശ എന്ന പുണ്യത്തിൽ വളരാൻ കഴിയണം. ഈ പ്രത്യാശയിൽ സന്തോഷിക്കുവാൻ എം.സി.വൈ.എം. പ്രസ്ഥാനവും നമ്മുടെ കൂട്ടായ പ്രവർത്തനവും നിദാനമാകട്ടെ എന്ന പ്രാർത്ഥനയോടെ നിർത്തട്ടെ.

സ്നേഹപൂർവ്വം,

**ജോബച്ചൻ**
ഡയറക്ടർ, പത്തനംതിട്ട ഭദ്രാസനം

www.malankaralibrary.com



# Presidential desk

*ഉണരട്ടെ നേതൃത്വം...... വളരട്ടെ യുവജന സഭ.....*

കാലഘട്ടത്തിന്റെ സ്പന്ദനങ്ങളെ മനസിലാക്കി എല്ലാവരെയും ഉൾക്കൊണ്ട്, എല്ലാവരുടെയുമായി മലങ്കരയുടെ യുവജന പ്രസ്ഥാനം എം.സി.വൈ.എം! യുവജനങ്ങൾ പ്രത്യാശയുടെ തീർത്ഥാടകർ എന്ന സന്ദേശവുമായി ഈ കർമ്മവർഷത്തിൽ മുന്നേറുമ്പോൾ നാം സജീവമാക്കേണ്ടത് നമ്മുടെ യൂണിറ്റ് തലം. ഏതൊരു സംഘടനയെ സംബന്ധിച്ചിടത്തോളം അതിന്റെ അടിസ്ഥാനം എന്നു പറയുന്നത് യൂണിറ്റ് തലമാണ്. അതുകൊണ്ടുതന്നെ എം.സി.വൈ.എം.നെ സംബന്ധിച്ചും അതിന്റെ ചാലക ശക്തി എന്ന് പറയുന്നത് നമ്മുടെ ഇടവക യൂണിറ്റുകളാണ്. ഇടവകയിൽ എം.സി.വൈ.എം. പ്രവർത്തനങ്ങൾ സജീവമാക്കുമ്പോൾ നമ്മുടെ യുവജന സഭയാണ് വളരുന്നത്. 2024-25 വർഷത്തെ ഇടവകയിലെ എം.സി.വൈ.എം. ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെട്ടവർ ആദ്യം മനസ്സിലാക്കേണ്ടത് ഇത് ഒരു ദൈവിക വിളിയാണെന്നുള്ള സത്യമാണ്. ദൈവത്തിന്റെ പദ്ധതിയുടെ ഭാഗമായാണ് നിങ്ങൾ ഇടവകയിലെ യുവജന പ്രവർത്തനങ്ങൾ സജീവമാക്കുവാൻ തിരഞ്ഞെടുക്കപ്പെട്ടത്. അതുകൊണ്ട് തന്നെ നമുക്ക് കിട്ടിയ അവസരത്തെ പുതിയ ഒരു ചരിത്രം സൃഷ്ടിക്കുന്ന വേദിയാക്കി മാറ്റണം. നമുക്ക് എം.സി.വൈ.എം. ൽ പ്രവർത്തിക്കുവാൻ അഞ്ച് തലങ്ങൾ ഉണ്ട്. ആത്മീയം, ബൗദ്ധികം, സാംസ്കാരികം, സാമൂഹികം, രാഷ്ട്രീയം എന്നീ തലങ്ങളിൽ എം.സി.വൈ.എം. പ്രവർത്തനങ്ങൾ സജീവമാകുമ്പോൾ, നമ്മുടെ യുവജനങ്ങൾക്ക് വിവിധ മേഖലകളിൽ തങ്ങളുടെ ജീവിതാന്തസ് തിരഞ്ഞെടുക്കുവാനുള്ള ഒരു ചൂണ്ടുപലകയായി എം.സി.വൈ.എം. മാറ്റപ്പെടുന്നു. ആയതിനാൽ ഈ കാലഘട്ടത്തിന്റെ വെല്ലുവിളികളെ ഏറ്റെടുത്ത് യുവജന സഭയുടെ പ്രവർത്തനവീഥിയിൽ യുവജന നേതാക്കന്മാർ നിറഞ്ഞുനിൽക്കുക.

യുവത്വം ആഘോഷമാണ് ഉത്സവമാണ്. ആഘോഷവും ഉത്സവും നിറഞ്ഞുനിൽക്കുമ്പോഴും വിശക്കുന്നവന് അപ്പമാകുവാനും കരയുന്നവന്റെ കണ്ണുനീർ തുടയ്ക്കുവാനും അനീതിക്കെതിരെ ശബ്ദമുയർത്തുവാനും അധാർമികതയ്ക്കെതിരെ പ്രതികരിക്കുവാനും നീതിപുലരും വരെ സമരവേദിയിൽ നിറഞ്ഞുനിൽക്കാനും യുവത്വത്തിന് കഴിയണം. മുമ്പേ നടന്നു നീങ്ങിയ നേതാക്കന്മാർ രചിച്ച ചരിത്രം, അവർ ഉയർത്തിപ്പിടിച്ച മൂവർണ്ണക്കൊടി, അവർ ചങ്കോട് ചേർത്ത് നിർത്തിയ പ്രസ്ഥാനത്തിന്റെ തനിമ, പ്രവർത്തന പാരമ്പര്യം എന്നിവ അണഞ്ഞു പോകാതെ കാത്തുസൂക്ഷിക്കുവാൻ, പ്രസ്ഥാനത്തെ കർമ്മവീഥിയിൽ സജീവമാക്കുവാൻ ഇന്നിന്റെ യുവത്വത്തിന് ഉത്തരവാദിത്വമുണ്ട്. ഹേയ് യുവത്വമേ കടന്നു വരൂ...... നമുക്ക് അനേകർക്ക് ക്രിസ്തുവിനെ പകർന്നു നൽകാം.... ക്രിസ്തുവിന്റെ സാക്ഷികളായി മാറാം.

ഒത്തിരി സ്നേഹത്തോടെ,

**ബിബിൻ എബ്രഹാം**
ഭദ്രാസന പ്രസിഡന്റ്

www.malankaralibrary.com





**ഫാ. സ്കോട്ട് സ്ലീബാ പുളിമൂടൻ**
അസി. ഡയറക്ടർ
എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനം

**കേ**രള കത്തോലിക്കാ സഭ നവീകരണത്തിന്റെ പാതയിൽ പരിവർത്തനങ്ങൾക്ക് പാകപ്പെട്ടുകൊണ്ട് യാത്ര ചെയ്യുമ്പോൾ നാളിതുവരെയുള്ള പ്രവർത്തന ശൈലിയിൽ നിന്ന് ആകമാന കത്തോലിക്ക സഭയും മാറി നടക്കുമ്പോൾ വലിയ മാറ്റത്തിനും പരിവർത്തനത്തിനും വേദിയാകുന്നു തിരുസഭ. സിനഡാത്മക സഭയായി മാറുന്ന ഈ അവസരത്തിൽ കേരള കത്തോലിക്കാ സഭയും ഈ പരിവർത്തനത്തിന് വിധേയമാകുന്നു. സഭ ദിവ്യകാരുണ്യത്തിൽ കേന്ദ്രീകരിച്ച് നവീകരണത്തിനു മുൻതൂക്കം നൽകുന്നു.

2024 പ്രവർത്തന വർഷം കേരള കത്തോലിക്കാ സഭ യുവജന വർഷമായി ആചരിക്കുമ്പോൾ നമ്മുടെ യുവജനപ്രസ്ഥാനത്തിന്റെ പങ്ക് എന്താണ്, ദിവ്യകാരുണ്യത്തിൽ കേന്ദ്രീകൃതമായ സഭ നവീകരണത്തിന്റെ പാതയിൽ ആയിരിക്കുമ്പോൾ യുവജന സഭയായി പരിശുദ്ധ കുർബാനയിൽ ആഴപ്പെടുന്ന ഒരു യുവതയെ വാർത്തെടുക്കുവാൻ നമുക്ക് കഴിയണം.

യേശു അവരോട് പറഞ്ഞു : ഞാനാണ് ജീവന്റെ അപ്പം (യോഹ 6:35) ഈ ജീവന്റെ അപ്പത്തിലേക്ക് നമ്മുടെ യുവതയെ ചേർത്തുനിർത്തുവാൻ കോവിഡാനന്തര ഈ ലോകത്ത് മതാത്മക ജീവിതത്തിനും വിശ്വാസ ജീവിതത്തിലും വലിയ പ്രാധാന്യം നൽകാത്ത ഈ സാഹചര്യത്തിൽ നമ്മുടെ യുവതയെ അൾത്താരയോട് ചേർത്തു നിർത്തുക എന്നത് വലിയ വെല്ലുവിളിയാണ്. ജീവന്റെ അപ്പമായവനെ രുചിച്ചറിയുവാൻ കഴിയണം. പരിശുദ്ധ കുർബാന എന്ന് പറയുന്നത് യേശുവിന്റെ ജനനം, പരസ്യജീവിതം, മരണം, ഉത്ഥാനം രണ്ടാമത്തെ വരവ് വരെ അനുസ്മരിക്കുന്നു. മാനവകുലത്തിന്റെ പാപപരിഹാരത്തിനായി സ്വയബലിയായി തീർന്നവൻ തന്റെ അവസാനത്തെ അത്താഴ നേരത്ത് പഴയനിയമത്തിലെ പെസഹാ കുഞ്ഞാടിന്റെ സ്ഥാനത്ത് പുതിയ ഉടമ്പടിയുടെ കുഞ്ഞാടായി തന്നെ തന്നെ അവൻ ബലിയർപ്പിച്ചു. ആ ബലിയർപ്പണം ഇന്നും തുടരുന്നു. പരിശുദ്ധ സഭയുടെ പരിശുദ്ധ കുർബാനയിലൂടെ.

മനുഷ്യകുലത്തിന്റെ പാപപരിഹാര ബലിയാണ് പരിശുദ്ധ കുർബാന. കാലഘട്ടത്തിന്റെ വെല്ലുവിളികൾ സ്വീകരിച്ച് മാറ്റത്തിന് പാകപ്പെടുമ്പോഴും പരിശുദ്ധ കുർബാനയിൽ യാതൊരു പൊരുത്തപ്പെടലും സഭ ആഗ്രഹിക്കുന്നില്ല. യുവജനങ്ങൾ പരിശുദ്ധ കുർബാനയിൽ നിന്ന് അകലുന്നു എന്ന് പരാതികൾ പറയുമ്പോൾ ലോകത്തിന്റെ പലയിടങ്ങളിൽ നിന്ന് ദൈവം പരിശുദ്ധ കുർബാനയിൽ അലിഞ്ഞുചേർന്ന സാക്ഷ്യമുള്ള ജീവിതങ്ങളെ ദൈവം ഉയർത്തിക്കൊണ്ടുവരുന്നു എന്നുള്ള സത്യം നമ്മൾ മറന്നു പോകരുത്. വാഴ്ത്തപ്പെട്ട അക്വിറ്റസിനെ പോലെയും, അഞ്ജനയെ പോലെയുള്ളവരെയും ദൈവം നമുക്ക് സാക്ഷികളായി നൽകുന്നു.

സൈബർ ലോകം നൽകുന്ന സുഖത്തിന്റെയും സന്തോഷത്തിന്റെയും നടുവിൽ അതിനെയൊക്കെ വേണ്ട എന്ന് വച്ച് സൈബർ യുഗത്തിന്റെ സാധ്യതകൾ തിരിച്ചറിഞ്ഞ് തന്റെ 15 വയസ്സിനുള്ളിൽ ലോകത്ത് നടന്ന ദിവ്യകാരുണ്യത്തിന്റെ അത്ഭുതങ്ങളെ ശേഖരിച്ച് ഒന്നിച്ചാക്കി ലോകത്തിന് നൽകിയിരിക്കുന്നു. ലുക്കിമിയ രോഗത്തോട് മല്ലിടുമ്പോൾ മരണത്തെ മുഖാമുഖം കാണുമ്പോഴും പരാതികൾ ഇല്ലാതെ പരിഭവമില്ലാതെ പരിശുദ്ധ കുർബാനയെ ആഴമായി സ്നേഹിച്ചവൻ കാർലോ അക്യുറ്റസ്.

www.malankaralibrary.com

കേരളക്കരയിലെ യുവതയെ ഒന്നടങ്കം പിടിച്ചു കുലുക്കിയവൾ ആയിരുന്നു ദിവ്യകാരുണ്യത്തിന്റെ വാനമ്പാടിയെന്ന് അറിയപ്പെടുന്ന അഞ്ജന, തന്റെ ജീവിതത്തിന്റെ ഓരോ നിമിഷത്തിലും തമ്പുരാനെ പ്രണയിച്ച ഒരു പെൺകുട്ടി. യുവത്വത്തിന്റെ ആവേശവും പ്രസരിപ്പും ക്രിസ്തുവിനായി നൽകിയവൾ അനുദിനം ദിവ്യകാരുണ്യത്തോട് അടങ്ങാത്ത പ്രണയം കാത്തുസൂക്ഷിച്ചവൾ. ജീവിതത്തിൽ ക്യാൻസർ രോഗം വില്ലനായി മാറിയപ്പോൾ തന്റെ മുഖവും ശരീരവും വികൃതമായപ്പോളും പരിശുദ്ധ കുർബാനയെ സ്നേഹിച്ചവൾ. അപാരമായ മനോധൈര്യത്താൽ പരിശുദ്ധ കുർബാന സ്വീകരിച്ച് മരണത്തെ പുൽകിയവൾ.


ഈ കാലഘട്ടത്തിനായി സ്വർഗം കരുതിവച്ചിരുന്ന പുണ്യജനങ്ങളായി മാറിയിരിക്കുന്നു പ്രിയ സ്നേഹിത, ഈ കാലഘട്ടം നിന്നെയും വെല്ലുവിളിക്കുന്നു മറ്റൊരു കാർലോയും മറ്റൊരു അഞ്ജനയുമായി തീരുവാൻ, ജീവിതത്തിന്റെ പ്രതിസന്ധികളിൽ നിനക്കൊരു ഉത്തരമുണ്ട് നിനക്കൊരു ആശ്രയം ഉണ്ട് അത് മറ്റൊന്നുമല്ല പരിശുദ്ധ കുർബാന. യാബോക്ക് എന്ന കടവിൽ ദൈവം യാക്കോബിനെ അനുഗ്രഹിച്ചതുപോലെ നിന്റെ ജീവിതത്തെ പരിശുദ്ധ കുർബാനയോട് ചേർത്ത് നിർത്തുക.

എശയ്യായുടെ കുറവിനെ തീക്കനൽ കൊണ്ട് പരിഹരിച്ചത് പോലെ നമ്മുടെ ജീവിതത്തിന്റെ കുറവുകളെ പരിഹരിക്കുവാൻ പരിശുദ്ധ കുർബാനയോട് ചേർന്നുനിൽക്കുക. നിന്റെ ചോദ്യങ്ങൾക്ക് ഉത്തരം നൽകുവാൻ കഴിയാതെ പോകുമ്പോൾ ഓർത്തിരിക്കുക സകല ബുദ്ധിയെയും കവിയുന്ന അത്ഭുതമായ പരിശുദ്ധ കുർബാനയെ സ്നേഹിച്ച് ചേർന്ന് നിൽക്കുക. നിന്റെ ജീവിതത്തെ ദൈവം മാറ്റിമറിച്ചിരിക്കും. നിന്റെ ജീവിതം കൊണ്ട് പരിശുദ്ധ സഭയിൽ പുതിയൊരു അധ്യായം രചിക്കണം. നിന്റെ ദൈവം നിന്റെ കൂടെയുണ്ട് പരിശുദ്ധ കുർബാനയായി, സഭ നിന്നിൽ നിന്ന് ആഗ്രഹിക്കുന്നത് പരിശുദ്ധ കുർബാനയുടെ പ്രേക്ഷകനായി മാറുക എന്നതാണ്...






www.malankaralibrary.com




# യുവജനങ്ങളും പ്രാർത്ഥനാ ജീവിതവും



സി. ജൊവാൻ SIC
ആനിമേറ്റർ
എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനം

**"നിങ്ങൾ പരീക്ഷയിൽ ഉൾപ്പെടാതിരിക്കാൻ പ്രാർത്ഥിക്കുവിൻ
അവൻ അവരിൽ നിന്ന് ഒരുകല്ലേറു ദൂരം മാറി മുട്ടിന്മേൽ നിന്നു പ്രാർത്ഥിച്ചു;
പിതാവേ, അങ്ങേയ്ക്ക് ഇഷ്ടമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്ന് അകറ്റണമേ.
എങ്കിലും എന്റെ ഹിതമല്ല, അവിടുത്തെ ഹിതം നിറവേറട്ടെ"**

**(ലൂക്കാ 22 : 40 – 42)**

നമ്മുടെ കർത്താവിന്റെ ഗെദ്സെമിനിയിലെ രക്തം ചിന്തിയുള്ള പ്രാർത്ഥന. 'എന്റെ ഹിതമല്ല; അവിടുത്തെ ഹിതം നിറവേറട്ടെ. 'നമ്മുടെ ജീവിതത്തിൽ ഉടനീളം ഉണ്ടായിരിക്കേണ്ട പ്രാർത്ഥന. നമ്മുടെ ഹൃദയത്തിന്റെ ആഴത്തിൽ നിന്ന് യേശുവിനോട് ചേർന്ന് എത്രമാത്രം ഇങ്ങനെ പ്രാർത്ഥിക്കാൻ സാധിക്കും; പ്രാർത്ഥന ഹൃദയത്തിൽ അലിഞ്ഞു ചേർന്ന വ്യക്തിത്വം. യുവത്വത്തിന്റെ നടുവിലും സ്വന്തമായി തീരുമാനം എടുക്കാമായിരുന്നിട്ടും പിതാവായ ദൈവത്തോട് ആലോചന ചോദിക്കുന്ന മകൻ. ആ കർത്താവായ ഈശോയാണ് നമ്മുടെ മാതൃക.

യേശു തമ്പുരാൻ തന്റെ പ്രവർത്തനങ്ങൾക്കെല്ലാം മുൻപ് പ്രാർത്ഥിച്ചിരുന്നുവെന്ന് ബൈബിൾ സാക്ഷിക്കുന്നു. അദ്ഭുതങ്ങൾ പ്രവർത്തിക്കുന്നതിനു മുൻപും ജനങ്ങളോട് പ്രസംഗിക്കുന്നതിൽ മുൻപും യേശു പ്രാർത്ഥിച്ചിരുന്നു. വ്യക്തിപരമായ ഒരു അടുപ്പം അതാണ് ദൈവവുവായി നമുക്ക് വേണ്ടത്. നമ്മുടെ ഉറ്റ സുഹൃത്തുക്കളോട് സംസാരിക്കുന്നതുപോലെയല്ല അതിലുപരിയായി ദൈവത്തോട് നമുക്ക് സംസാരിക്കാൻ സാധിക്കണം. ആ സംസാരമാണ് പ്രാർത്ഥന.

ദൈവത്തോട് ആലോചന ചോദിക്കാതെ നമുക്ക് ഒരു പ്രവർത്തനവും വിജയത്തിൽ എത്തിക്കാൻ സാധിക്കുകയില്ല. യേശുവിന്റെ പ്രാർത്ഥനാജീവിതം, പ്രവർത്തനരീതികൾ ഇവയൊക്കെയാണ് നാം മാതൃകയാക്കേണ്ടത്.

www.malankaralibrary.com

യുവജനങ്ങൾക്ക് ഏറ്റവും പ്രധാനപ്പെട്ട സ്ഥലം അവരുടെ ദേവാലയമാകണം. അവിടെനിന്നു വേണം തങ്ങളുടെ ഓരോ പ്രവർത്തനവും തുടങ്ങാൻ. യേശുവിൽ നിന്ന് തുടങ്ങിയ ഒരു പ്രവർത്തനങ്ങൾക്കും പരാജയം സംഭവിച്ചിട്ടില്ല. ദൈവത്തെ മാറ്റിനിർത്തി എന്റെ കഴിവും ശക്തിയും ബലവും കൊണ്ടാണ് ഇവയൊക്കെ നടത്തിയത് എന്ന് ചിന്തിച്ചാൽ അവിടെ നമ്മുടെ തകർച്ച ആരംഭിച്ചു കഴിഞ്ഞു. ഓരോ കാര്യങ്ങൾ, ചെയ്യുമ്പോഴും പ്രാർത്ഥനയോട് കൂടി ആരംഭിക്കുകയും പ്രാർത്ഥനയോടു കൂടി അവസാനിപ്പിക്കുകയും ചെയ്താൽ യേശുതമ്പുരാൻ ധാരാളം അനുഗ്രഹങ്ങൾ ചൊരിയും. പിതാവിന്റെ ഇഷ്ടം നിറവേറട്ടെ എന്നാണ് യേശുതമ്പുരാൻ പോലും പ്രാർത്ഥിച്ചത്. ആ യേശുവിന്റെ അനുയായികളാണ് യുവജനങ്ങൾ. യുവത്വത്തിന്റെ തീക്ഷ്ണത ഒട്ടുംകളയാതെ യേശുവിനെ അനുകരിക്കുന്നവരാകണം യുവജനങ്ങൾ. എന്തു പ്രവർത്തനങ്ങൾ തുടങ്ങിയാലും യേശുവിൽ നിന്ന് ശക്തിയാർജിച്ച് നാം ഏറ്റെടുത്തിരിക്കുന്ന പ്രവർത്തനങ്ങളിലേക്ക് അത് വ്യാപിപ്പിക്കണം.

കൂദാശകളുടെ കൂദാശയായ വി. കുർബാനയാണ് നമ്മുടെ ശക്തികേന്ദ്രം. വി. കുർബാനയിൽ നിന്നായിരിക്കണം നമ്മുടെ ഓരോ ദിവസവും തുടങ്ങേണ്ടത്. വി. കുർബാനയിൽ സംബന്ധിച്ച് നമ്മുടെ ഓരോ ദിവസവും യേശുവിൽ ശക്തിയാർജ്ജിച്ചു കൊണ്ട് ജീവിക്കുമ്പോൾ നാം ചെയ്യുന്ന പ്രവർത്തനങ്ങൾ അവിടുന്ന് ഏറ്റെടുത്ത് നടത്തിക്കൊള്ളും. കുടുംബത്തിൽ തുടങ്ങുന്ന നമ്മുടെ പ്രാർത്ഥന ചെറിയ പ്രായത്തിൽ തുടങ്ങുന്ന പ്രാർത്ഥനാജീവിതം യുവത്വത്തിലേക്ക് കയറുമ്പോൾ കൂടുതൽ തീക്ഷണതയോടെ

നാം പ്രാർത്ഥിക്കാൻ കടപ്പെട്ടിരിക്കുന്നു. പക്ഷേ, പൊതുവെ നമ്മുടെ ജീവിതത്തിൽ കണ്ടുവരുന്നത് പ്രാർത്ഥന മാറ്റിവച്ചിട്ട് പ്രവർത്തനങ്ങളുടെ വ്യഗ്രതയിലേക്ക് കടക്കുന്ന ഒരു പ്രവണതയാണ് അതിൽ നിന്ന് ഒരുമാറ്റം വരേണ്ടിയിരിക്കുന്നു. പ്രാർത്ഥനയ്ക്ക് പ്രാധാന്യം കൊടുക്കുന്ന ഒരു യുവതലമുറയെ വാർത്തെടുക്കാൻ സാധിക്കണം.പ്രാർത്ഥനയിൽ അല്ലാതെ പ്രവർത്തനം ഇല്ല എന്നു നാം മനസിലാക്കണം. മാധ്യമങ്ങളുടെ അതിപ്രസരം പ്രാർത്ഥനാ ജീവിതത്തെ തകർത്തുകൊണ്ടിരിക്കുന്നു. തീഷ്ണതയാർന്ന ദൈവാശ്രയബോധമുള്ള പ്രാർത്ഥിക്കുന്ന യുവതലമുറയായി മാറുവാൻ സാധിക്കണം. സഭയിലെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കാൻ സർവ്വശക്തനായ ഒരു ദൈവം തമ്പുരാൻ അനുഗ്രഹങ്ങൾ ചൊരിഞ്ഞുതരട്ടെ.






www.malankaralibrary.com




**150+ TOP RANKS**
Since 2001 **MG University**
22 Ranks in the MBA, MCA, and M.Sc. Programmes for the 2021–2023 Batch

MACFAST sky
STARTUP KENDRA FOR YOU

- Outbound Experiential Learning
- MACFAST Innovation & Corporate Synergy
- Entrepreneurship Development Council
- ISO 9001:2015 Certified Institution
- Consistent Placement Records
- Green WiFi Campus

For Admissions
**+91 94009 84111, 94009 84222, 97469 35363**
Thiruvalla, Kerala - 689 101, India, principal@macfast.org | www.macfast.org

www.malankaralibrary.com

CSB Bank

Contact : 9947992422, 95678 27374
95442 96280, 8281479143

UNLOCK THE POWER OF YOUR GOLD
- Quick Cash
- Maximum Loan value
- Low Interest Rate*
- 24x7 Loan Facility
- Take Over Facility

നിങ്ങളുടെ സ്വർണ്ണത്തിന്റെ ശക്തി തിരിച്ചറിയൂ
- പരമാവധി മൂല്യം
- അതിവേഗ വായ്പ
- ആകർഷകമായ പലിശ നിരക്ക്
- പരമാവധി വായ്പ കാലാവധി

CSB OFFERS A RANGE OF SAVINGS ACCOUNTS
- Enhanced security on your debit card
- Scan to pay via QR code/UPI
- Exciting offers and discounts
- Pay less on safe deposit lockers (Online booking available)
- Earn higher interest on Term Deposit

ARABIAN GOLD & DIAMONDS
PATHANAMTHITTA

അറേബ്യനോടൊപ്പം തിളങ്ങാൻ
ഡയമണ്ട് ഫെസ്റ്റ്



കാരറ്റിന് 15000 രൂപ കിഴിവ്

ഡയമണ്ട് ഫെസ്റ്റ്
ഏപ്രിൽ 1 മുതൽ 30 വരെ

ലൈറ്റ് വെയ്റ്റ് ഡിസൈനുകളുടെ വിപുലമായ കളക്ഷൻ

അക്ഷയതൃതീയ അഡ്വാൻസ് ബുക്കിംഗ് ആരംഭിച്ചു

പവന് വെറും 1000 രൂപ നൽകി ബുക്ക് ചെയ്യൂ, അക്ഷയതൃതീയ ദിനത്തിൽ സ്വർണ്ണം വാങ്ങൂ.

*ബുക്ക് ചെയ്ത ദിവസത്തെയോ, അക്ഷയതൃതീയ ദിനത്തിലെയോ, ഏതാണോ കുറഞ്ഞ വില ആ വിലക്ക് സ്വർണ്ണം വാങ്ങൂ.

ARABIAN അക്ഷയ തൃതീയ 10TH MAY 2024

NEAR ABAN JUNCTION, TK ROAD, PATHANAMTHITTA | CONTACT NUMBER +91 7902 613 916

ARCHITECTURE | INTERIORS | CONSTRUCTION | CONTRACTS

Concept Design Expert

BEAVER™ THE MASTER BUILDER
www.beavertmb.com

Kadheeshtha Orthodox Church Building, Thumpamon North, Chenneerkara P O, Pathanamthitta Dist. Kerala. Pin - 689503.
+91 04682 991 600 | +91 9400 119 997
info@beavertmb.com

We blend your concepts for your dreams

RESTORE MINDS
RELIEVE | REFRESH | REFORM

H.O. 1st Floor, MGM Towers, Opp KSRTC Bus Station, Pathanamthitta
Branch : Ernakulam
Ph : 88914 82377, 9778282377



കുട്ടികൾക്കും കുടുംബപ്രശ്നങ്ങൾക്കും
വിവിധ മാനസിക പ്രയാസങ്ങൾ നേരിടുന്നവർക്കുമുള്ള കൗൺസിലിങ്

restoremindsindia
restoremindsindia@gmail.com
restoremindsindia.org

മനോരോഗ വിദഗ്ദ്ധന്റെ (Psychiatrist) സേവനം എല്ലാ വെള്ളിയാഴ്ചകളിലും ലഭ്യമാണ്.

www.malankaralibrary.com


INIZIO

ULUNTHY / MAVELIKARA

എന്തു പഠിക്കണം
എവിടെ പഠിക്കണം
എന്ന confusion ൽ
ആണോ നിങ്ങൾ ?



എങ്കിൽ നിങ്ങളെ
സഹായിക്കാൻ ഞങ്ങളുണ്ട്

- MEDICAL
- ENGINEERING
- PARAMEDICAL
- ALLIED COURSES
- ARTS & SCIENCE
- UG & PG

+91 81118 17575 I 79077 37499
www.inziointernational.in



ROSE DALE RESIDENTIAL SENIOR SECONDARY SCHOOL
Chandanappally Affiliated to CBSE , No.930287

ADMISSION OPEN
2024-25



- SERENE AND ECO-FRIENDLY CAMPUS
- NEP BASED CHILD CENTRIC TEACHING AND INTEGRATED CURRICULUM FOR THE HOLISTIC DEVELOPMENT OF THE STUDENTS.
- SPACIOUS CLASSROOMS WITH GOOD TEACHER-STUDENT RATIO
- DIGITAL CLASSROOMS, COMPUTER LAB, AI & TECHNOLOGY BLENDED LEARNING.
- CONVEYANCE BY SCHOOL BUS
- PARENTAL CARE AND INDIVIDUAL ATTENTION
- EFFICIENT MANAGEMENT UNDER THE BETHANY SISTERS
- PROVIDES COACHING IN SCOUT, GUIDING, DANCE, MUSIC ,BAND, ART & CRAFT, YOGA, DRAWING AND SPORTS
- MINIMUM FEES FACILITY WELL FURNISHED SCIENCE LAB,
- IT LAB, LANGUAGE LAB AND LIBRARY


BOARDING FACILITY IS AVAILABLE.



PLAY SCHOOL TO GRADE XI

CONTACT US
9778372191 I 8848498524
Email us : rosedaleschool@gmail.com
Website: https://rosedaleschool.in/ I Facebook :rosedalechnadanappally

www.malankaralibrary.com




## UNIQUE FEATURES

- A Management with a unique tradition and culture of excellence in the field of education
- An eco-friendly and spiritual ambience for academic pursuits
- State-of-the-art infrastructure and teaching learning facilities
- Internationally qualified, professionally competent and committed faculty
- Scholarly and well-experienced visiting faculty
- Faculty development programmes
- Dr. N R Madhava Menon Chair on Legal Education
- Centre for Constitutional Awareness & Responsible Citizenship
- Moot Court Society
- Legal Aid Cell & Counselling Centre
- National Law Reform Competition
- Moodle - Open source learning platform
- Add-on courses
- Full-fledged library with research journals
- Hostel facility for boys and girls
- Professional attire for students
- Co-education system

## THE MANAGEMENT

The College is managed by the Major Archdiocese of Trivandrum of the Malankara Syrian Catholic Major Archiepiscopal Church.

## CORE VALUES

1. Faith in universal brotherhood
2. Honesty and integrity in individual character
3. Love and compassion towards fellow beings and Mother nature
4. Excellence in legal knowledge and legal service
5. Commitment to the foundational values of the Indian Constitution

## COURSE OFFERED

1. **B.A. LL.B.** ( 5 Year Integrated course )
2. **B.B.A. LL.B.** ( 5 Year Integrated course )
3. **B.Com. LL.B.** ( 5 Year Integrated course )
4. **LL.M.** Constitutional Law ( 2 Year )

V **Vision:** To produce a vibrant cadre of lawyers with professional competence and social commitment, who uphold Justice.

**Mission:** To facilitate the evolution of every individual student in to a professional lawyer with a deep commitment to social and ethical values expected of the profession. M

0471-2541120
8089352686
info@mgcl.ac.in
mgcltvm@gmail.com

www.malankaralibrary.com



# Empowering Youth:
## Nurturing Leadership in the Catholic Church



**Aksa Rajan**
MCYM, Global Vice President

Youth and young adults begin their discipleship journey in baptism and continue on that journey when they come to love Christ and follow His ways. They become missionary disciples when they seek to witness and serve those most in need, beginning with those closest to them.

In the vast tapestry of the Catholic Church, the role of youth in leadership has often been overlooked or underestimated. However, the modern era has witnessed a significant shift in this paradigm, with a growing recognition of the invaluable contributions young Catholics bring to the Church's leadership and mission. Rooted in biblical teachings and echoed in the exhortations of recent Popes, the imperative to empower youth in leadership roles within the Catholic Church is more relevant than ever. The Bible provides numerous examples of young individuals who played pivotal leadership roles in furthering God's kingdom. One such example is the story of David, who, despite his youth, was anointed king of Israel and demonstrated remarkable leadership qualities in facing challenges such as Goliath (1 Samuel 16:1-13; 1 Samuel 17).

Jesus himself exemplified the importance of youth in leadership by choosing young disciples such as Peter, James, and John to accompany him in his ministry. Despite their youth and initial shortcomings, these disciples grew into formidable leaders who played instrumental roles in spreading the Gospel message after Jesus' resurrection.

Pope St. John Paul II, in particular, had a deep affection for young people, often referring to them as the "future and hope of the Church." He urged the Church to listen attentively to the voices of youth, recognizing their unique perspectives, energy, and enthusiasm.

To effectively empower youth in leadership roles within the Catholic Church, there are several strategies.

**Mentorship:** Pairing young leaders with experienced mentors provides guidance, support and opportunities for growth.

www.malankaralibrary.com

**Education and Formation:** Investing in the spiritual and leadership formation of young Catholics equips them with the skills and knowledge necessary to assume leadership roles effectively.

**Engagement:** Actively involving youth in decision-making processes within parishes, dioceses, global and Catholic organizations fosters a sense of ownership and belonging.

**Renewal and Energy:** Youth bring vitality, enthusiasm and fresh perspectives to the Church. Their energy can invigorate parish communities, injecting new life into traditional practices and fostering a sense of dynamism.

**Evangelization and Mission:** Young Catholics are uniquely positioned to engage with their peers and contemporaries in evangelization efforts. With their understanding of modern communication tools and cultural trends, they can effectively spread the Gospel message and promote the values of love, justice and compassion.

**Social Justice and Advocacy:** Many young Catholics are passionate about social justice issues, such as poverty, inequality and environmental sustainability. They actively engage in advocacy efforts, inspired by the Church's teachings on social justice and the preferential option for the poor.

**Leadership and Innovation:** The Church benefits from the leadership and innovation of young Catholics in various ministries and initiatives. Whether serving as youth ministers, music directors, or volunteers in charitable programs, young people contribute their talents and skills to the Church's mission.

**Interfaith Dialogue and Ecumenism:** In an increasingly interconnected world, young Catholics play a crucial role in fostering dialogue and collaboration with people of other faiths. They promote mutual understanding, respect, and cooperation, contributing to efforts for peace and reconciliation.

**Technology and Media Engagement:** With their proficiency in digital technology and social media, young Catholics can leverage these platforms for evangelization, community building and outreach. They use blogs, podcasts and social networking sites to share their faith experiences and connect with others.

**Formation and Discipleship:** Youth ministry programs and initiatives play a vital role in the formation and discipleship of young Catholics. These programs provide opportunities for spiritual growth, catechesis and mentorship, helping young people deepen their relationship with God and discern their vocation.

**Addressing Contemporary Challenges:** Young Catholics are confronted with unique challenges and opportunities in the present world scenario, including secularism, relativism and moral relativism. The Church accompanies them in navigating these challenges, offering guidance, support and pastoral care.

In essence, the role of youth in the Catholic Church today is not only significant but also indispensable. They bring passion, creativity and a sense of mission to the Church, contributing to its vitality and relevance in a rapidly changing world. As Pope Francis often emphasizes, young people are not just the future of the Church but also its vibrant present, called to be active participants in building God's kingdom of love and justice on earth.

The Catholic Church stands to benefit immensely from the active involvement and leadership of its youth. By embracing biblical teachings and heeding the exhortations of recent Popes, the Church can cultivate a culture that values and empowers young Catholics to become effective leaders and witnesses to the Gospel message. As the Church journeys forward, let us heed the words of Pope Francis and "accompany young people with patience and understanding, without falling into the trap of imposing our own ideas and ways of thinking."

www.malankaralibrary.com





**Sam Koshy**
President
MCYM Pandalam Eccl. Dist

# *Young Minds:* Leading Today, Lighting Tomorrow

The youth of today are not just the leaders of tomorrow; they are the leaders of today. With their fresh perspectives, innovative ideas, and unwavering passion, they bring a unique and vital energy to the table. They are not afraid to challenge the status quo, to question outdated systems, and to seek new and better ways of doing things.

However, youth leadership is not just about age; it's about attitude and action. It's about taking initiative, demonstrating resilience, and showing a commitment to making a difference. Leadership is not about having all the answers; it's about asking the right questions and rallying others around a shared vision.

Our youth face a myriad of challenges in their journey to leadership, from limited access to education and opportunities, to societal pressures, economic uncertainties, and spiritual disconnection. In a rapidly changing world, many young people grapple with questions of purpose, identity, and belonging, seeking deeper meaning and connection in their lives.

To overcome these challenges, we must prioritize investing in holistic development, providing mentorship and support, and creating inclusive environments where young people can explore and strengthen their spiritual lives, as well as their intellectual and personal growth.

As we look to the future, it is essential that we invest in our youth, providing them with the support, guidance, and opportunities they need to develop their leadership skills and reach their full potential. By doing so, we can ensure a brighter, more inclusive, and sustainable future for all.

So let us celebrate and empower our youth, recognizing their unique contributions and the invaluable role they play in leading us towards a better tomorrow.

www.malankaralibrary.com





# കരുത്താർന്ന യുവത്വം



**ടെനി സജി**
സെക്രട്ടറി
എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനം

**ജീ**വിതത്തിലെ മനോഹരമായ ഒരു കാലഘട്ടമാണ് യുവത്വം. ഒരു വ്യക്തിയുടെ ജനനം മുതൽ മരണം വരെ എടുത്തു നോക്കുമ്പോൾ, മാധുര്യമേറുന്നതും കൈപ്പേറിയതുമായ ഓർമ്മകൾ നിലനിൽക്കുന്നത് യുവത്വം തന്നെയായിരിക്കും. കാലത്തിന്റേതായ മാറ്റങ്ങളും പ്രായത്തിന്റെ ആവേശവും ഇടകലർന്ന് നിൽക്കുന്ന കാലഘട്ടം.

അവസരങ്ങളുടെ ആഴക്കടലുകളും അഭിപ്രായങ്ങളുടെ ആർത്തിരമ്പുകളും നിറഞ്ഞുനിൽക്കുന്ന യുവത്വത്തിലൂടെയാണ് നാം ഓരോരുത്തരും കടന്നുപോകുന്നത്. തിരിച്ചറിവുകളും തിരുത്തലുകളും ഉണ്ടാകുമ്പോഴും ചിന്തകളെ മെനഞ്ഞെടുത്ത് ശക്തമായ തീരുമാനങ്ങളാക്കുവാൻ ഊർജ്ജം നൽകുന്നതാണ് യുവത്വം.


ഈ യുവത്വത്തിന്റെ തീക്ഷ്ണതയിൽ നാമിന്നായിരിക്കുന്നത് സഭയുടെ നട്ടെല്ലായ യുവജനപ്രസ്ഥാനത്തിലാണ്.

ക്രിസ്തുവിന്റെ അനുയായികളാകുവാൻ തിരഞ്ഞെടുത്ത ഒരുപറ്റം നല്ല ഇടയന്മാരാണ് നാമോരോരുത്തരും. കാലത്തിന്റെ മാറ്റങ്ങളെ ഉൾക്കൊള്ളുമ്പോഴും നമ്മിൽ നിന്നും മാറി നിൽക്കുന്ന സഹോദരങ്ങളെ ചേർത്തുപിടിച്ച് ഈ വിശ്വാസപാതയിൽ കൂടെ കൂട്ടുവാൻ നമുക്ക് കഴിയണം. ആ 33 കാരൻ പകർന്നു നൽകിയ ആത്മീയ നൽവരങ്ങളെ തിരിച്ചറിഞ്ഞ് സമൂഹത്തിന്റെ നാഴിക കല്ലുകളായി മാറ്റപ്പെടുവാൻ നമുക്കോരോരുത്തർക്കും സാധിക്കണം. ഇന്നലകളോ നാളെകളോ അല്ല ഇന്ന് എന്നതാവണം നാമോരോരുത്തരുടെ മനസ്സിൽ. ഇന്നലകളുടെ പരാജയങ്ങളെയും നാളെകളുടെ ആകുലതകളോ അല്ല ഇന്നിന്റെ കരുത്താണ് നാം ഓരോരുത്തരുടെയും വിജയം.

അവസരങ്ങളുടെ ഒരു കലവറ തന്നെ നമുക്കു മുൻപിൽ ഒരുക്കി വച്ചിട്ടുള്ളവനാണ് നമ്മുടെ കൂടെയുള്ളത്. എന്നാൽ അത് കണ്ടെത്തണമെങ്കിൽ നമുക്ക് നമ്മളെ തന്നെ തിരിച്ചറിയാൻ സാധിക്കണം. സ്വന്തം കഴിവുകളെയും പോരായ്മകളെയും ഒരുപോലെതന്നെ തിരിച്ചറിഞ്ഞ് അവ മെച്ചപ്പെടുത്തുവാനും വളർത്തിയെടുക്കുവാനും നമുക്ക് സാധിക്കണം.

ആത്മവിശ്വാസത്തോടെ ഈ പ്രവർത്തന വീഥിയിൽ നാം മുന്നോട്ട് പോകുമ്പോൾ. ഒപ്പം ആയിരിക്കുന്നവരെ പ്രോത്സാഹിപ്പിക്കുവാനും പ്രചോദനം നൽകുവാനും കഴിയണം. വിശ്വാസത്തിൽ വെല്ലുവിളികൾ നേരിടുന്ന ഈ കാലഘട്ടത്തിൽ ക്രിസ്തുനാഥന്റെ കരം പിടിച്ച് പ്രാർത്ഥനയോടെ നമുക്ക് പ്രവർത്തന പന്ഥാവിൽ ഒരുമിച്ച് നീങ്ങാം.

www.malankaralibrary.com





റിയ ആൻ രാജൻ
ചന്ദനപ്പള്ളി യൂണിറ്റ്

# ക്രിസ്തുവിന്റെ യുവജനം

യൗവനം ജീവിതത്തിന്റെ പച്ചപ്പിന്റെയും സമൃദ്ധിയുടെയും വിജയ പരാജയങ്ങളുടെയും മനോഹരമായ ഒരു ഏടാണ്. ഉയിരിൽ തോരാത്ത സ്വപ്നങ്ങളുടെ മഴ പെയ്ത്തുകളും ഉള്ളിൽ മറുവിളിക്ക് പോലും കാത്തുനിൽക്കാതെ പോക്കുവെയിലിലേക്ക് പടിയിറങ്ങിപ്പോയ ഗതകാല സ്മരണകളും കുടിയിരിക്കുന്ന മനോഹരമായൊരു ഏട്. ഈ കാലഘട്ടത്തിൽ യുവാക്കൾ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി ഉപാധികളില്ലാതെ സ്നേഹിച്ച, നിബന്ധനകളില്ലാതെ പ്രണയിച്ച, യൗവനത്തെ അത്രമേൽ ഭംഗിയോടെ ജീവിച്ചു തീർത്ത നസറത്തിലെ മുപ്പത്തിമൂന്നുകാരനാവുക എന്നുള്ളതാണ്. ഈ വെല്ലുവിളി ഏറ്റെടുക്കാൻ ശ്രമിക്കുന്നിടത്ത് ക്രിസ്തു വളരുകയാണ്, കൂടെ ക്രൈസ്തവനും. ക്രിസ്തുവാകുക എന്നാൽ സ്നേഹമാവുക, കരുണയാവുക, കരുതലാവുക, മരുന്നായി മാറുന്ന മനുഷ്യരാവുക, ജീവിതത്തിനും മരണത്തിനുമിടയിൽ സമനില തെറ്റുന്ന ദിനരാത്രങ്ങൾക്ക് കാവലാവുക എന്നൊക്കെയാണർത്ഥം.

കേട്ടകാലങ്ങളിലൊക്കെയും മനുഷ്യരെ ചേർത്ത് നിർത്തുന്നവർക്കൊക്കെ ക്രിസ്തുവിന്റെ മുഖമാണത്രെ. മരണത്തിന് പോലും മായ്ച്ചുകളയാനാകാത്ത ഓർമ്മകളിൽ ചിരിച്ചു നിൽക്കുന്ന മനുഷ്യനാവുക അത്ര എളുപ്പമല്ല. ഏറ്റവും മനോഹരമായി പ്രിയപ്പെട്ടവരുടെ ജീവിതത്തിന് തണലാകുവാനും അവരുടെ സ്വപ്നങ്ങൾക്ക് കൂട്ടാകുവാനും കൂട്ടത്തിൽ സ്വന്തം ആത്മാവിനെക്കൂടി സ്നേഹിക്കുവാനും പരിശ്രമിക്കുന്നിടത്ത് ഒരായുസ്സ് അർത്ഥവത്തായി തുടങ്ങുന്നു. ജീവിച്ചതത്രയും മുന്നോട്ടുപോകാനുള്ള ഊർജമായി പരിണമിപ്പിക്കപ്പെടുമ്പോഴാണ്, ആ ഓർമ്മകളത്രയും സ്നേഹത്തിൽ രചിക്കപ്പെടുമ്പോഴാണ് ജീവിതം ഭംഗിയുള്ളതായി മാറുന്നത്. അപ്രകാരം ജീവിച്ചു കാണിച്ചുതന്ന ക്രിസ്തുവിന്റെ യൗവനത്തോട് നമ്മുടെ യൗവനവും ചേർത്ത് വയ്ക്കുമ്പോഴാണ് നമ്മുടെ യൗവനം അതിന്റെ ഫലപ്രാപ്തിയിലെത്തുന്നത്.

ക്രിസ്തു കാലചക്രത്തിന്റെ ഗതി വേഗതകളെ അതിജീവിച്ചൊരു മനുഷ്യനാണ്....
ചെന്നുകയറിയ ഇടങ്ങളെല്ലാം മനോഹരമാക്കിയ മനുഷ്യൻ...
വന്നു കയറിയ മനുഷ്യരെല്ലാം തങ്ങിനിൽക്കാൻ കൊതിപ്പിച്ചൊരു മനുഷ്യൻ...
വാരിവിതറിയ വിത്തുകളെല്ലാം നൂറുമേനി വിളവെടുത്തൊരു മനുഷ്യൻ...
പറഞ്ഞുപതറിയ മനസ്സിന്റെ മുറിവുകൾക്ക് മരുന്നായി മാറിയൊരു മനുഷ്യൻ...
നൊന്തുനീറിയ ഹൃദയത്തിന്റെ അകത്തളങ്ങൾക്ക് പ്രാണനായി മാറിയൊരു മനുഷ്യൻ...
കയറിയിറങ്ങിയ മനുഷ്യർക്കൊക്കെ വീടായി മാറിയൊരു മനുഷ്യൻ...

ഈ ലോകത്തെ ഇത്രമേൽ ഭംഗിയുള്ളതാക്കി മാറ്റിയ അങ്ങനൊരു മനുഷ്യനാവുക എന്നത് അത്ര എളുപ്പമല്ല. യൗവനം ക്രിസ്തുവിനെ നേടാനുള്ള ക്ഷണമാണ്. എല്ലാവരും അവനെ കണ്ട് കടന്നുപോകുമ്പോൾ അവനെ സ്പർശിക്കാനുള്ള യജ്ഞം. അവൻ സ്നേഹിച്ചത് പോലെ സ്നേഹിക്കാനും, അവൻ കരുതിയത് പോലെ കരുതാനും, അവൻ ക്ഷമിച്ചതുപോലെ ക്ഷമിക്കാനും, അവൻ പരിഗണിച്ചത് പോലെ പരിഗണിക്കാനും അവൻ ചേർത്തു നിർത്തിയത് പോലെ ചേർത്തുനിർത്താനുമുള്ള ക്ഷണം. ജീവിക്കാൻ ഇത്രമേൽ പ്രതീക്ഷ നൽകുന്ന ഈ മുപ്പത്തിമൂന്നുകാരൻ നസറായനെ സമ്പാദിക്കുന്നിടത്ത് യൗവനം തളിരണിയുന്നു. അവനോളം വിലപിടിപ്പുള്ളതൊന്നും ഈ ലോകത്തിൽ നമുക്ക് നേടാനില്ലെന്നുള്ള ബോധ്യത്തിൽ നിന്നും തുടരേണ്ടതാണത്രേ യൗവനം. നമ്മുടെ ഉയിരിലൂടെ ജീവിക്കേണ്ടത് ക്രിസ്തുവാണ്. ആഘോഷങ്ങളും തിരുനാളുകളുമൊക്കെ നമ്മെ അവനിലേക്ക് ഒരു പടി കൂടി ഉയർത്തുന്നതാവട്ടെ.

www.malankaralibrary.com

## ചരിത്രമുറങ്ങുന്ന ചന്ദനപ്പള്ളി

അതിരാവിലെ പള്ളിമണി നാദത്തോടൊപ്പം ഉറക്കമുണരുന്നൊരു ഗ്രാമം. മൂറോന്റെ പരിശുദ്ധിയും ചന്ദനത്തിന്റെ സുഗന്ധവും പരത്തുന്ന പൈതൃകത്തിന്റെ ഈറ്റില്ലമായ ചന്ദനപ്പള്ളി. പഴഞ്ചൊല്ലിന്റെ പതിരുകളും പഴം പാട്ടിന്റെ ഈണങ്ങളുമുറങ്ങുന്നൊരു നാട്. ഓർമ്മകളിൽ വെളിച്ചം വീശുന്ന നാൾ മുതൽ സഹദായുടെ നാമം മനസ്സിന്റെ അകത്തട്ടിലേക്ക് പറഞ്ഞു പതിപ്പിക്കുന്നൊരു നാട്. വിശുദ്ധ ഗീവർഗീസ് സഹദാ കാവലിരിക്കുന്ന നാട്. ഇന്നും പാതിരാ പൂക്കളുടെ ഗന്ധമുള്ള രാത്രികളുടെ മനോഹരമായ നാദങ്ങൾക്കിടയിൽ സഹദായുടെ കുതിര കുളമ്പടിയുടെ ഉറപ്പുള്ള ശബ്ദവും ഇവിടെ കേൾക്കാമത്രേ.

എ.ഡി 1 മുതൽ 5 വരെ ഉണ്ടായിരുന്ന ചേര സാമ്രാജ്യകാല കൃതിയായ 'പതിറ്റുപ്പത്തിലും', എ.ഡി ഒമ്പതാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട ശക്തിഭദ്രന്റെ 'ആശ്ചര്യചൂഡാമണി' എന്ന സംസ്കൃത നാടകത്തിലും ശ്രീ. അയ്യക്കുട്ടി ചെട്ടിയാരുടെ 'ശ്രീമദ് ശങ്കരാചാര്യരും ശ്രീ ശക്തി ഭദ്രനും' എന്ന കൃതിയിലും, റോബർട്ട് സീവെൽ രചിച്ച 'South Indian Inscription' എന്ന ഗ്രന്ഥത്തിലും 1901 ൽ പ്രസിദ്ധീകരിച്ച 'Memoir of the Survey' എന്ന ഗ്രന്ഥത്തിലും പ്രമുഖ ബൗദ്ധ- ഹൈന്ദവ കേന്ദ്രമായിരുന്ന പുരാതന ചന്ദനപ്പള്ളി ദേശത്തെപ്പറ്റി പ്രതിപാദനമുണ്ട്.

ഈ നാടിന്റെ ഹൃദയഭാഗത്ത് ക്രിസ്തുവിന്റെ സുഗന്ധം ലോകം മുഴുവൻ പരത്തുന്ന, അതിമനോഹരമായ സെന്റ് ജോർജ് മലങ്കര തീർത്ഥാടന കത്തോലിക്കാ ദേവാലയം സ്ഥിതിചെയ്യുന്നു. പാരമ്പര്യത്തിന്റെയും ആത്മീയതയുടെയും പകിട്ടിൽ തലയെടുപ്പോടെ നിൽക്കുന്ന ദേവാലയം അനേകരുടെ വിശ്വാസ സങ്കേതമാണ്. മെയ് ഒന്നു മുതൽ ഏഴ് വരെ നീണ്ടു നിൽക്കുന്ന ദേവാലയത്തിന്റെ തിരുനാൾ നാനാജാതി മതസ്ഥർ ഒരുമിച്ച് കൊണ്ടാടുന്നു. സഹദായുടെ തിരുനാളിന്റെ അവസാന ദിവസം (മെയ് 7) നടത്തപ്പെടുന്ന ചെമ്പെടുപ്പ് ഈ ദേവാലയത്തിന്റെ പ്രത്യേകതയാണ്. വിളിച്ചാൽ വിളിപ്പുറത്തെത്തുന്ന സഹദായിൽ വിശ്വാസം അർപ്പിച്ച് അനുഗ്രഹീതരായി മടങ്ങുന്ന അനേകരുടെ സാക്ഷ്യമാണ് ഈ തിരുനാളിന്റെ ആഘോഷങ്ങളെ ആർഭാടമാക്കുന്നത്. ശതാബ്ദിയിലേക്കടുക്കുന്ന ദേവാലയത്തിന്റെ ഈ വർഷത്തെ തിരുനാൾ അനുഗ്രഹീതമാക്കുന്നത് വിശുദ്ധ ഗീവർഗീസ് സഹദായുടെ തിരുശേഷിപ്പ് പ്രതിഷ്ഠയാണ്. ഈ കർമ്മത്തോടെ ആഗോള കത്തോലിക്കാ സഭയിലെ വിശുദ്ധ ഗീവർഗീസിന്റെ തിരുശേഷിപ്പ് പ്രതിഷ്ഠിച്ചിരിക്കുന്ന ദേവാലയമായി നമ്മുടെ ദേവാലയം ഔന്നത്യത്തിലേക്ക് ഉയരുന്നു.

നോക്കിനിൽക്കെ ആഘോഷഭരിതമായ ഒരു കാലം നെയ്തിരി കത്തിച്ച് പടി കടന്നുവരികയാണ്. വിശ്വാസം കൊണ്ട് പടുതുയർത്തിയ ആത്മീയതയുടെ ഏടുകൾ ദീപ്ത സ്മരണകളായി ചരിത്രത്തിന്റെ താളുകളിൽ രചിക്കപ്പെട്ടു കൊണ്ടേയിരിക്കുന്നു.
"ചെന്നൈ ഉങ്കളൈ അൻപുടൻ വരവേർക്കിറത്...! "

(അഖിൽ പി ധർമ്മജൻ
റാം C/O ആനന്ദി)
ഒന്ന് മാറ്റിയെഴുതാൻ ആഗ്രഹിക്കുന്നു.

"ചന്ദനപ്പള്ളി ഉങ്കളൈ അൻപുടൻ വരവേർക്കിറത്...!"

കാലചക്രം കണ്ണിമ ചിമ്മുന്ന വേഗതയിൽ ഓടി മറയുമ്പോൾ, ഈയിടത്തിനു മാത്രം സമ്മാനിക്കാൻ കഴിയുന്ന ആത്മീയതയുടെ വെളിച്ചത്തിലേക്ക്, അനുഗ്രഹീതമായ തിരുനാളിലേക്ക് ഏവരെയും ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു, ചന്ദനപ്പള്ളി നിങ്ങളെ സ്നേഹപൂർവ്വം കാത്തിരിക്കുന്നു.



www.malankaralibrary.com





**അജോഷ് എം. തോമസ്**
എക്സ്-ഒഫിഷ്യോ
എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനം

# അവൻ നിങ്ങളോട് പറയുന്നത് പോലെ ചെയ്യുവിൻ

**"അവൻ നിങ്ങളോട് പറയുന്നത് പോലെ ചെയ്യുവിൻ"** (വി. യോഹന്നാൻ 2 : 6)

ഇന്നത്തെ യുവത്വം ഏറെ വെല്ലുവിളികൾ നേരിടുന്ന കാലഘട്ടത്തിലൂടെയാണ് കടന്നുപോകുന്നത്. സാഹചര്യങ്ങളെ വിശദമായി പഠിച്ചു തീരുമാനം എടുക്കാനുള്ള ശേഷി കാലക്രമേണ കുറഞ്ഞുവരുന്നതായി കാണാൻ കഴിയും. മറ്റുള്ളവരുടെ നാവായി മാറുന്നുണ്ടോ എന്നു പോലും ചിന്തിക്കേണ്ടിയിരിക്കുന്നു. എം.സി. വൈ.എം പ്രസ്ഥാനത്തിൽ പ്രവർത്തിക്കാൻ കഴിഞ്ഞ കാലഘട്ടങ്ങൾ എക്കാലവും സുവർണ്ണ ലിപികളാൽ രേഖപ്പെടുത്താൻ കഴിയും വിധമുള്ള കാലഘട്ടമാണ്. നല്ല സൗഹൃദങ്ങൾ... നന്മ നിറഞ്ഞ കൂട്ടയ്മകൾ... അങ്ങനെ അങ്ങനെ...

എന്നിലെ നേതൃപാടവത്തെ പരിപോഷിപ്പിക്കുന്നതിനു എം.സി.വൈ.എം. പ്രസ്ഥാനം വഹിച്ച പങ്ക് നിസ്തുലമാണ്. പ്രശ്നങ്ങളെ പേടിച്ചു ഓടാതെ അതിനെ ധൈര്യപൂർവ്വം നേരിടാനുള്ള കരുത്ത് നൽകിയതും ഈ പ്രസ്ഥാനം ആണ്. ശെമയോനും യൂദാസും പത്രോസും കൂടെയുണ്ടാകും എന്നു മനസിലാക്കാനും കഴിഞ്ഞു. ഇന്നത്തെ തലമുറ ചോദിക്കുന്ന വലിയ ഒരു ചോദ്യമാണ് എന്തിനാണ് പള്ളിയിൽ പോകുന്നത്? എന്തിനാണ് എം.സി.വൈ.എം ഒക്കെ? നിർഭാഗ്യം എന്നു പറയട്ടെ പലപ്പോഴും ഉത്തരം ഇല്ലാത്ത ചോദ്യമായി മാറാറുണ്ട്. എന്നാൽ ഒരിക്കലെങ്കിലും ആത്മാർഥതയോടെ ഈ പ്രസ്ഥാനത്തിന്റെ ഭാഗമായിട്ടുണ്ടെങ്കിൽ അവരുടെ മനസിൽ ഇപ്രകാരം ഒരു ചോദ്യം ഉണ്ടാവുകയില്ല. അത്രയേറെ അനുഭവങ്ങൾ നൽകുന്ന ഒരു പ്രസ്ഥാനം ആണിത്. എം.സി.വൈ.എം. പരിപാടികൾക്ക് നേതൃത്വം നൽകാൻ നിയോഗിക്കപ്പെടുക എന്നത് തന്നെ സൗഭാഗ്യമായ കാര്യം ആണ്. സംഘടനയിലും പ്രസ്ഥാനത്തിലും വിശ്വസ്തരായിരിക്കുക എന്നത് പരമപ്രധാനമാണ്. അല്പകാര്യങ്ങളിലെ വിശ്വസ്തത മൂലം അനേക കാര്യങ്ങൾ ലഭിക്കുക എന്നതും വിശ്വസ്തതയുടെ ലക്ഷണം ആണ്.

വ്യക്തി താത്പര്യങ്ങളോ കാഴ്ചപ്പാടുകളോ കാണിക്കാതെ സംഘടനക്ക് പ്രധാന്യം നൽകുക എന്നതും പരമപ്രധാനമായ ഒന്നാണ്. വ്യത്യസ്ത തരത്തിലും സ്വഭാവത്തിലും ഉള്ളവരെ പരിചയപ്പെടാനും അവരോടൊപ്പം പ്രവർത്തിക്കാൻ സാഹചര്യം ലഭിക്കുന്നു എന്നതും ഈ പ്രസ്ഥാനത്തിന്റെ മാത്രം പ്രത്യേകത ആണ്. എം.സി.വൈ.എം പ്രസ്ഥാനത്തിലൂടെ ധാരാളം സാധ്യതകളും അവസരങ്ങളും ലഭിക്കാറുണ്ട്. യൂണിറ്റ് തലം മുതൽ രൂപതാ തലം വരെ പരിപാടികൾ സംഘടിപ്പിക്കുവാനും പള്ളിയിലെ ഭരണ സമിതിയിൽ സാരഥ്യം വഹിക്കുവാനും അവസരം ലഭിക്കുന്നു. വിവേകിയും വിശ്വസ്തനുമായ ഭൃത്യനെ പോലെ ലഭിച്ച താലന്ത് വെച്ചു ഇരട്ടി നേടുവാൻ നമുക്ക് കഴിയണം. ഇപ്രകാരം അവസരങ്ങൾ ലഭിക്കുന്നത് എം.സി. വൈ.എം വഴിയോ മറ്റുള്ളവർ വഴിയോ ആയിരിക്കും. കാനായിലെ കല്യാണത്തിൽ പരിശുദ്ധ അമ്മ പറഞ്ഞത് പോലെ അവൻ പറയുന്നത് പോലെ നിങ്ങൾ ചെയ്യുവിൻ... തീർച്ചയായും നമ്മുടെ കുറവുകൾ അവിടുന്ന് നിറവുകൾ ആക്കി മാറ്റും.

www.malankaralibrary.com

# പത്തനംതിട്ട ഭദ്രാസനത്തിലെ വൈദിക ജില്ലകളിൽ യുവജന സഭയ്ക്ക് നേതൃത്വം നൽകുന്നവർ.















www.malankaralibrary.com

# പ്രവർത്തന വീഥിയിൽ തീക്ഷ്ണതയോടെ....



www.malankaralibrary.com



# നന്ദി.....

**ഇന്നയോളം ഞങ്ങളെ നടത്തിയ ദൈവത്തിനു നന്ദി....**

"AMORA.."

എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ ചന്ദനപ്പള്ളി തീർത്ഥാടന ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ട IGESIA 2k24 ലീഡേഴ്സ് മീറ്റിൽ ഈ ബുക്ക്ലെറ്റ് പ്രകാശനം ചെയ്യുമ്പോൾ ഏറെ അഭിമാനം.

എം.സി.വൈ.എം. പ്രസ്ഥാനത്തിൽ യുവജനങ്ങളെ ചേർത്തു നിർത്തുന്ന അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് പിതാവ്, ഞങ്ങളെ പ്രാർത്ഥന കൊണ്ട് ശക്തിപ്പെടുത്തുന്ന അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവ്, ഞങ്ങൾക്ക് മാർഗ്ഗദർശിയായി കൂടെയുള്ള വികാരി ജനറൽ മോൺ. വർഗീസ് മാത്യു കാലയിൽ വടക്കേതിൽ എന്നിവരെ ഏറെ നന്ദിയോടെ ഓർക്കുന്നു...

ഈ പ്രസ്ഥാനത്തെ വളർത്തി നെഞ്ചോട് ചേർത്ത് നിർത്തി, യുവജനങ്ങളുടെ സ്പന്ദനം മനസിലാക്കി ആടാനും പാടാനും പ്രാർത്ഥിക്കാനും പ്രതിഷേധിക്കാനും മാർഗ്ഗനിർദ്ദേശങ്ങളുമായി ഞങ്ങൾക്ക് ഒപ്പമായിരിക്കുന്ന ഭദ്രാസന ഡയറക്ടർ ജോബച്ചൻ, പ്രവർത്തന വീഥിയിൽ കൂടുതൽ ആവേശം പകർന്ന് നൽകുന്ന അസിസ്റ്റന്റ് ഡയറക്ടർ ഫാ. സ്കോട്ട് സ്ലീബാ പുളിമൂടൻ, ഞങ്ങൾക്ക് വാൽസല്യവും പിന്തുണയുമായി കൂടെയായിരിക്കുന്ന ആനിമേറ്റർ സിസ്റ്റർ ജൊവാൻ എസ്.ഐ.സി. പ്രസ്ഥാനത്തിന്റെ അധ്യക്ഷപദം സധൈര്യം ഏറ്റെടുത്ത്, അടിപതറാത്ത പ്രവർത്തന പാടവം കൊണ്ടും ഉറച്ച നിലപാട് കൊണ്ടും ഈ പ്രസ്ഥാനത്തെ മുന്നോട്ടു നയിക്കുന്ന സമിതിയുടെ പ്രസിഡന്റ് ബിബിൻ എബ്രഹാം, സംഘടനാ സംവിധാനത്തെ കൃത്യമായ ചലിപ്പിച്ച് യുവജനങ്ങൾക്ക് ആവേശവുമായി പ്രവർത്തന വീഥിയിൽ നിലകൊള്ളുന്ന ജനറൽ സെക്രട്ടറി സുബിൻ തോമസ്, പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളെ ലക്ഷ്യപ്രാപ്തിയിൽ എത്തിക്കുവാൻ അഹോരാത്രം എം.സി.വൈ.എം. എന്ന ഒറ്റ വികാരമായി നിലകൊള്ളുന്ന സമിതി അംഗങ്ങൾ, പത്തനംതിട്ട ഭദ്രാസനത്തിലെ യുവജന സഭയ്ക്ക് കരുത്തായി, ചേർന്നുനിൽക്കാനും ചേർത്തുനിർത്താനും പ്രവർത്തന വീഥിയിൽ കൂടെയുണ്ടായിരുന്ന 5 വൈദിക ജില്ലകളിലെ ഡയറക്ടർ അച്ചന്മാർ, സിസ്റ്റർ ആനിമേറ്റേഴ്സ്, പ്രസിഡന്റ്, സെക്രട്ടറിമാർ മറ്റ് ഭാരവാഹികൾ, IGESIA ക്ക് ആതിഥേയത്വം അരുളിയ ചന്ദനപ്പള്ളി ഇടവകയ്ക്കും പന്തളം വൈദിക ജില്ലയ്ക്കും ഈ പ്രസ്ഥാനത്തിന്റെ മുഖമായി ഞങ്ങളുടെ ശക്തിയായി, ഈ പ്രസ്ഥാനത്തിന്റെ കരുത്ത് കാട്ടുവാൻ പിന്നിൽ അണിനിരന്ന മലങ്കരയുടെ യൗവന സ്പന്ദനങ്ങൾ എല്ലാവരെയും നന്ദിയോടെ ഈ അക്ഷരത്താളിലൂടെ ഹൃദയത്തിൽ കോറിയിടുന്നു.. മറക്കില്ല ഒരു നാളും ഈ കരുതലിനു സ്നേഹത്തിനു കൂട്ടായ അനുഭവത്തെ. സിരകളിൽ വീര്യം നുരയുന്നു യുവജനശക്തി തരംഗമായി ഈ മൂവർണ്ണകൊടിക്കീഴിൽ നമുക്ക് ചേർന്ന് നിൽക്കാം.... അനേകരെ ചേർത്ത് നിർത്തി നാം അറിഞ്ഞ നാം അനുഭവിച്ച ക്രിസ്തുവിനെ പകർന്നു നൽകാം.

ജയ് എം.സി.വൈ.എം.,

**വിശാഖ് വി. എൽ**
ഭദ്രാസന ട്രഷറർ

www.malankaralibrary.com



www.malankaralibrary.com

IZARA

# കണ്ണിന് നൽകാം കരുതൽ



## നിങ്ങളുടെ കാഴ്ചയ്ക്ക് കാവലായി
## ഇസാറ കണ്ണാശുപത്രി, പത്തനംതിട്ട

### ഞങ്ങളുടെ സേവനങ്ങൾ

#### ക്ലിനിക്കൽ സേവനങ്ങൾ

- ജനറൽ ഒഫ്താൽമോളജി
- കുട്ടികളുടെ നേത്ര വിഭാഗം
- റെറ്റിന വിഭാഗം
- ഗ്ലോക്കോമ വിഭാഗം
- കോർണിയ ക്ലിനിക്
- കോൺടാക്ട് ലെൻസ് ക്ലിനിക്
- ഒപ്റ്റിക്കൽസ്
- ഫാർമസി

#### സർജിക്കൽ സേവനങ്ങൾ

- തിമിര ശസ്ത്രക്രിയ
  (• കുത്തിവയ്ക്കാതെ • വേദന രഹിതമായി • വിശ്രമം കൂടാതെ • വളരെ വേഗത്തിൽ)
- റിഫ്രാക്ടീവ് ശസ്ത്രക്രിയ
- സ്ക്വിന്റ് ശസ്ത്രക്രിയ
- ഗ്ലോക്കോമ ശസ്ത്രക്രിയ
- റെറ്റിനൽ ഇൻഞ്ചക്ഷൻ
- ലേസർ ചികിത്സകൾ

## IZARA EYE HOSPITAL

A Unit of Izara Health Care Pvt.Ltd
Sheeba Building, Stadium Junction,
Pathanamthitta

9497287899 I 9188328423

Design & Layout : Syam Chowara, Nia Graphics | 9747 044 811